**പതിനാലാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## ഇരുപത്തി അഞ്ചാമത് റിപ്പോർട്ട്

[ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ച്]

(2021 ജനുവരി മാസം ..20...-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## ഇരുപത്തി അഞ്ചാമത് റിപ്പോർട്ട്

[ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത
വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ച്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019 - 2021)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ

**അംഗങ്ങൾ:**

ശ്രീ. പി.കെ.അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ.പി.അനിൽകുമാർ

ശ്രീ. ബി. ഡി.ദേവസ്സി

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. കെ.സി.ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ.രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി.കെ.ശശീന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്.വി., അണ്ടർ സെക്രട്ടറി

# മുഖവുര

ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ്വിഹിത വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ചതാണ് ഈ റിപ്പോർട്ട്.

2020 സെപ്റ്റംബർ മാസം 24-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി ..20........ .

എസ്. ശർമ്മ.,
അദ്ധ്യക്ഷൻ.
എസ്റ്റിമേറ്റ്സ് കമ്മിറ്റി

# റിപ്പോർട്ട്

## ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച്

1. ലോക ചരിത്രത്തിലെ തന്നെ ഏതൊരു മുന്നേറ്റത്തിന്റെയും പൂർണ്ണ വിജയത്തിലേക്കുള്ള കാതലായ ഘടകങ്ങളിൽ ഒന്നാണ് ശരിയായ ആസൂത്രണം. സ്വാതന്ത്ര്യാനന്തര ഇന്ത്യയെ ചുരുങ്ങിയ ദശകങ്ങൾ കൊണ്ട് ഇന്നത്തെ ആഗോള സ്വാധീന ശക്തികളിൽ ഒന്നായി ഉയർത്തിക്കൊണ്ട് വരുന്നതിനും ജാതി, മത, വർഗ്ഗ, വർണ, ഭാഷാപരമായ വൈവിധ്യങ്ങളുടെ ബാഹുല്യത്തെ "നാനാത്വത്തിൽ ഏകത്വം" എന്ന ആശയത്തിൽ ഏകീകരിച്ച് പരിമിത സ്രോതസുകളുടെ മിതവ്യയത്തിലൂടെയും സാമ്പത്തിക അച്ചടക്കത്തിലൂടെയും രാജ്യത്തെ മുന്നോട്ട് നയിക്കുന്നതിനും നമ്മെ പ്രാപ്തരാക്കിയത് നാം അവലംബിച്ച് വരുന്ന മികച്ച ആസൂത്രണ സംവിധാനമാണ്.

2. ഇന്ത്യയെന്ന ബൃഹത് വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വൈവിധ്യങ്ങളുടെയും മാനവ, ഭൂ-വിഭവങ്ങളുടെയും സമ്പത്തിൽ കേരളം ഒട്ടും പിന്നിലല്ല. അതിനാൽ തന്നെ ഈ വൈവിധ്യങ്ങളെ ഏകോപിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും മുന്നോട്ട് നയിക്കുന്നതിനും മികച്ച ആസൂത്രണ സംവിധാനം തന്നെ ആവശ്യമാണ്. അവിടെയാണ് സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത്.

3. സംസ്ഥാനത്തെ വിവിധ മേഖലകളുടെ സമഗ്രമായ വികസനത്തിന് സഹായകരമായ ആസൂത്രണ പ്രക്രിയ രൂപപ്പെടുത്തുക, വാർഷിക സാമ്പത്തിക അവലോകനം നടത്തുക, സാമ്പത്തിക മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും നേരിട്ട കോട്ടങ്ങളും വിശകലനം ചെയ്ത് കോട്ടങ്ങൾക്ക് കാരണമായ ഘടകങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക തുടങ്ങിയ സുപ്രധാന കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനാണ് സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും അതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡും നിലകൊള്ളുന്നത്. സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായ ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി വിവിധ കർത്തവ്യ വിഭാഗങ്ങളും 14 ജില്ലാ ആസൂത്രണ ഓഫീസുകൾ ഉൾപ്പെടുന്ന ഒരു ഭരണ വിഭാഗവും സംസ്ഥാനത്ത് നിലവിലുണ്ട്. സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ നയിക്കുന്നതിലും ഏകോപിപ്പിക്കുന്നതിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിലും ബോർഡ് വലിയ പങ്ക് വഹിക്കുന്നു.

4. കേരള നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ പ്രവർത്തനവും ബജറ്റ് വിഹിത വിനിയോഗവും പഠന വിധേയമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ സാമ്പത്തിക വർഷങ്ങളിലെ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം, ബോർഡിന്റെ ഘടന, പ്രവർത്തനം, വികസന പദ്ധതികൾ എന്നിവ സമിതി വിശകലനം ചെയ്തു.

5. 1950-ൽ രൂപീകൃതമായതും ഇന്ത്യൻ ആസൂത്രണ സംവിധാനത്തിന്റെ നട്ടെല്ലായി നിലകൊണ്ടിരുന്നതും പതിറ്റാണ്ടുകളായി രാജ്യം പിന്തുടർന്നു വന്നിരുന്നതുമായ ആസൂത്രണ കമ്മീഷന്റെ പ്രവർത്തനങ്ങൾ നിർത്തലാക്കുകയും പകരമായി 2015 ജനുവരി 1-ന് 'നീതി ആയോഗ്' നിലവിൽ വരികയും ചെയ്തു. ആന്തരിക ഘടനയിലും പ്രവർത്തന ശൈലിയിലും വന്ന ബൃഹത്തായ മാറ്റം സംസ്ഥാന വിഹിതത്തിനും വികസന മുന്നേറ്റങ്ങൾക്കും വരുത്തിയ വ്യതിയാനവും 'കോ-ഓപ്പറേറ്റീവ് ഫെഡറലിസം' എന്ന അടിസ്ഥാന തത്വത്തിലൂന്നിയുള്ള കേന്ദ്ര-സംസ്ഥാന ധന പങ്കാളിത്ത അനുപാതങ്ങളുടെ ഏറ്റക്കുറച്ചിലുകളും സമിതി പഠനവിധേയമാക്കി.

6. സംസ്ഥാന ആസൂത്രണ ബോർഡിനു വേണ്ടി സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് കുടിയേറ്റത്തെയും പ്രവാസികളെയും സംബന്ധിച്ച് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സമിതി വീക്ഷിച്ചു. വർഷങ്ങളായി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ മാറ്റിനിർത്താനാകാത്ത പങ്കാളികളായ പ്രവാസികളുടെ നൈപുണ്യ വികസനം, ക്ഷേമം, പുനരധിവാസം എന്നിവയെ ഊർജിതമാക്കുന്നതിനും തൊഴിൽ നഷ്ടമായി മടങ്ങി വരുന്നവരുടെ കുടുംബത്തിന്റെ ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്ത് സാന്ത്വനമേകുന്നതിനുമായി വകുപ്പിന്റെ പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങളെ സമിതി വിലയിരുത്തി.

7. നൂറ്റാണ്ടിലെ വലിയ പ്രളയത്തെ സധൈര്യം നേരിട്ട സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനും പരിപോഷണത്തിനും സാമ്പത്തിക ഭദ്രതയ്ക്കും വേണ്ട ശക്തിമത്തായ ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും സമയോചിതമായി പ്രവർത്തന പുരോഗതി കൈവരിക്കുന്നതിനും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനു വഹിക്കാനാകുന്ന പങ്കിനെയും കാര്യക്ഷമതയെയും സമിതി സസൂക്ഷ്മം നോക്കിക്കാണുന്നു.

8. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും 29.05.2018 ൽ തിരുവനന്തപുരത്ത് വച്ച് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റെയും പഠനത്തിന്റെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി നടത്തിയ വിലയിരുത്തലുകളും എത്തിച്ചേർന്ന നിഗമനങ്ങളും മുന്നോട്ടു വയ്ക്കുന്ന ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## <u>ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്</u>

9. സംസ്ഥാനത്തെ വിവിധ മേഖലകളുടെ സമഗ്ര വികസനത്തിനും സമ്പദ്ഘടനയുടെ പരിപോഷണത്തിനും വേണ്ട പദ്ധതികൾ തയ്യാറാക്കുക, അവയെ ഏകോപിപ്പിക്കുക, ഗവേഷണങ്ങളും പഠനങ്ങളും നടത്തുക, പ്രകൃതി ഭൂ-വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം ഉറപ്പു വരുത്തുക, സംസ്ഥാനത്തിന്റെ ഉത്പാദനക്ഷമത ഉയർത്തുക, വിവിധ വകുപ്പുകളുടെ പ്രവർത്തന മികവ് വിലയിരുത്തുക, സാമ്പത്തിക അവലോകനവും സാമ്പത്തിക സ്ഥിതിവിവര

കണക്കുകളുടെ രൂപീകരണവും നടത്തുക തുടങ്ങിയ സുപ്രധാന കർത്തവ്യങ്ങളിൽ അധിഷ്ഠിതമായാണ് സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് നിലകൊള്ളുന്നത്.

## സംസ്ഥാന ആസൂത്രണ ബോർഡ്

10. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ഭരണ നിർവഹണത്തിനു കീഴിലുള്ള ഉപദേശക സമിതിയാണ് കേരള സംസ്ഥാന ആസൂത്രണ ബോർഡ്. 1967 സെപ്റ്റംബറിൽ രൂപീകൃതമായ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. സംസ്ഥാനത്തെ വിഭവങ്ങളുടെ ശാസ്ത്രീയ വിലയിരുത്തലിന്റെയും വളർച്ചാ മുൻഗണനയുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക വികസന നയ പദ്ധതികൾ, പഞ്ചവൽസര പദ്ധതികൾ, വാർഷിക പദ്ധതികൾ എന്നിവ ആവിഷ്കരിക്കാൻ സംസ്ഥാന സർക്കാരിനെ പ്രാപ്തമാക്കുന്നതിനാണ് സംസ്ഥാന മുഖ്യമന്ത്രി അദ്ധ്യക്ഷനായി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയുടെ പുരോഗതി, അതിന്റെ സാധ്യതകൾ, വെല്ലുവിളികൾ എന്നിവ വിലയിരുത്തി, നയങ്ങളിലും മുൻഗണനകളിലും പദ്ധതികളിലും പരിഷ്കാരങ്ങളും മാറ്റങ്ങളും നിർദ്ദേശിക്കുക, വാർഷിക സാമ്പത്തിക അവലോകന റിപ്പോർട്ട് തയ്യാറാക്കുക എന്നിവയും ബോർഡിന്റെ പ്രധാന കർത്തവ്യങ്ങളാണ്.

## ഘടന

11. സംസ്ഥാന മുഖ്യമന്ത്രി അദ്ധ്യക്ഷനായ ബോർഡിൽ ഒരു ഉപാദ്ധ്യക്ഷനും ധനകാര്യ വകുപ്പ് മന്ത്രി ഉൾപ്പെടെ 5 മന്ത്രിമാരായ അംഗങ്ങളും 7 മന്ത്രിമാരല്ലാത്ത അംഗങ്ങളും സ്ഥാപനത്തിന്റെ തലവനായ മെമ്പർ സെക്രട്ടറിയും സ്ഥിരം ക്ഷണിതാക്കളായി ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമാണ് നിലവിൽ ഉള്ളത്.

## വിഭാഗങ്ങൾ

- സാങ്കേതിക വിഭാഗം
- ജില്ലാ പ്ലാനിംഗ് ഓഫീസുകൾ
- അഡ്മിനിസ്ട്രേറ്റീവ് വിഭാഗം
- സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ലൈബ്രറി
- ഇൻഫർമേഷൻ ടെക്നോളജി വിഭാഗം

## വിവിധ സാങ്കേതിക വിഭാഗങ്ങൾ

- വികേന്ദ്രീകൃതാസൂത്രണ വിഭാഗം
- പദ്ധതി സംയോജന വിഭാഗം
- വ്യവസായ പശ്ചാത്തല വിഭാഗം
- സാമൂഹ്യ സേവന വിഭാഗം
- വിലയിരുത്തൽ വിഭാഗം
- കൃഷി വിഭാഗം
- ദീർഘ വീക്ഷണ ആസൂത്രണ വിഭാഗം

## സംസ്ഥാന ആസൂത്രണ വിഭാഗം

12. വിവരസാങ്കേതിക വിദ്യയുടെയും ഇ-ഗവേർണൻസിന്റെയും മേഖലകളിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ ആധുനികവൽക്കരിക്കുന്നതിനായി 'സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയതിന്റെ വളരെ കുറഞ്ഞ ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു.

13. 'പദ്ധതികൾ തയ്യാറാക്കുക, സർവേകളും പഠനങ്ങളും നടത്തുക ' എന്ന ശീർഷകത്തിൽ 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികൾ തയ്യാറാക്കുക, സർവേകളും പഠനങ്ങളും നടത്തുക, സാങ്കേതിക ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, പദ്ധതി നിർവഹണത്തിന്റെ നിരീക്ഷണ സംവിധാനം രൂപപ്പെടുത്തുക, വികസന റിപ്പോർട്ടുകൾ തയ്യാറാക്കുക, പദ്ധതി പ്രചാരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിരുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു.

## ജില്ലാ ആസൂത്രണ ഓഫീസുകൾ

14. 1970 കളുടെ അവസാനത്തിലാണ് വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനായി ജില്ലാ ആസൂത്രണ ഓഫീസുകൾ നിലവിൽ വന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ജില്ലാതല ഓഫീസുകൾ എന്ന നിലയിൽ

സംസ്ഥാന - ജില്ലാതല പദ്ധതികളെ ഏകോപിപ്പിക്കുന്നതിൽ പ്രധാന പങ്കാണ് ഇവക്കുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതുമായ വിവിധ വികസന പദ്ധതികളുടെ ഏകോപനവും അവലോകനവും ഉൾപ്പെടെ ജില്ലയിലെ വികസനപരവും ആസൂത്രണപരവുമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ജില്ലാ ആസൂത്രണ ഓഫീസുകളും അവയുടെ മേലധികാരിയായ ജില്ലാ പ്ലാനിംഗ് ഓഫീസറുമാണ്. 2012-13 മുതൽ 2017-18 കാലയളവു വരെ 'ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ വകയിരുത്തിയതിന്റെ വളരെ കുറഞ്ഞ ശതമാനം തുക മാത്രമാണ് ചെലവഴിച്ചിരുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വകയിരുത്തുന്ന തുക വിനിയോഗിക്കാതെ ഭൂരിഭാഗവും സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടി വരുന്ന സ്ഥിതി കഴിവതും ഒഴിവാക്കി കാലവിളംബം കൂടാതെ പദ്ധതികൾ പൂർത്തീകരിക്കുകയും വിഹിത വിനിയോഗത്തിൽ പരമാവധി കാര്യക്ഷമത ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ പരിശോധിച്ച് സർക്കാർ മാർഗനിർദ്ദേശങ്ങൾ പ്രകാരമുള്ളവയാണെന്ന് ഉറപ്പു വരുത്തി അംഗീകാരം നൽകുക, ജില്ലാ പദ്ധതികൾ തയ്യാറാക്കുക, ജില്ലയുടെ വികസന പ്രവർത്തനങ്ങളും മറ്റ് സാമൂഹിക പ്രശ്നങ്ങളും ചർച്ച ചെയ്ത് പരിഹാരം കാണുക, പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കായുള്ള എം.പി. മാരുടെ കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കുക,

ഹരിത കേരള മിഷന്റെ ജില്ലാതല കർമ്മസേനയുടെ പ്രവർത്തനം ഊർജിതമാക്കുക, ജില്ലാതലത്തിൽ പട്ടികജാതി പട്ടികവർഗക്ഷേമ കമ്മിറ്റി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക തുടങ്ങിയ സുപ്രധാന കർത്തവ്യങ്ങൾക്കായി ജില്ലാതല ആസൂത്രണ സമിതി, ജില്ലാ വികസന സമിതി തുടങ്ങിയ കർത്തവ്യ സമിതികൾ പ്രവർത്തിക്കുന്നു. അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നു. <u>ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കെട്ടിടങ്ങൾ തിരുവനന്തപുരം പത്തനംതിട്ട, കോട്ടയം, പാലക്കാട് എന്നിവയൊഴികെയുള്ള എല്ലാ ജില്ലകളിലും പ്രവർത്തനമാരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ജില്ലകളിലും പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് എത്രയും വേഗം പ്രവർത്തനമാരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

16. പുത്തൻ വികസന വെല്ലുവിളികളെ നേരിടുന്നതിനും വിവര സാങ്കേതികവിദ്യയും ഇ-ഗവേർണൻസും ലഭ്യമാക്കുന്ന സാധ്യതകൾ സ്വായത്തമാക്കുന്നതിനും വേണ്ടി ജില്ലാ ആസൂത്രണ സമിതി സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ ഓഫീസുകളിൽ 'ഇ-ഓഫീസ്' പ്രവർത്തനം ആരംഭിക്കുന്നതിനായി 'ജില്ലാ ആസൂത്രണ വിഭാഗം

ശക്തിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നു. മലപ്പുറം, കണ്ണൂർ ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഇ- ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ജില്ലകളിലും എത്രയും വേഗം ഇ- ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പ്ലാൻ സ്പേസ് മോണിറ്ററിംഗ് സംവിധാനം

17. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുവാനും നിരീക്ഷിക്കാനും സഹായിക്കുന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് അധിഷ്ഠിത സംയോജിത വിവര സംവിധാനമാണ് പ്ലാൻ സ്പേസ് മോണിറ്ററിംഗ് സിസ്റ്റം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരളം, രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്ത സംവിധാനത്തിന്റെ പരിഷ്കരിച്ച പതിപ്പാണ് 2014-15 മുതൽ ഉപയോഗിച്ച് വരുന്നത്. 2015-16 മുതൽ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈനായി പ്ലാൻ സ്പേസിലൂടെ സ്വീകരിക്കുന്നു. 2016-17 -ൽ ഈ സംവിധാനം ജില്ലാതലത്തിലും വ്യാപിപ്പിച്ചിട്ടുണ്ട്. ജില്ലാ വികസന സമിതിയും യോഗങ്ങളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നത് 'പ്ലാൻ സ്പേസ്' മുഖേനയാണ്. സംസ്ഥാനത്തെ സർക്കാർ ഏജൻസികളും വകുപ്പുകളും

നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ പ്ലാൻ സ്പേസിൽ ലഭ്യമാക്കുന്നു. ഓരോ പ്ലാൻ സ്കീമിനെക്കുറിച്ചുമുള്ള പ്രസക്തമായ വിശദാംശങ്ങൾ, അതിന്റെ ഘടകങ്ങൾ, ഭൗതിക സാമ്പത്തിക പുരോഗതി, പൂർത്തീകരണ നില എന്നിവ നിരീക്ഷിക്കുന്നതിനായി മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് അദ്ധ്യക്ഷൻമാർ, ആസൂത്രണ ബോർഡ് എന്നിവർക്ക് ഉപയോഗപ്പെടുത്താം. ഒപ്പം ഏതൊരു സാധാരണക്കാരനും സംസ്ഥാനത്തിന്റെ തത്സമയ പദ്ധതി പുരോഗതി വകുപ്പ് തിരിച്ച് നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഒരുക്കിയിട്ടുണ്ട്. ഇത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയും ജനാധിപത്യ സ്വഭാവവും ഉറപ്പാക്കുന്നു.

18. എന്നാൽ വിവിധ വകുപ്പുകളുടെ പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ പൂർണമായി വകുപ്പുകൾ പ്ലാൻ സ്പേസിൽ ലഭ്യമാക്കുന്നില്ലായെന്ന വസ്തുത സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ എല്ലാ വകുപ്പുകളും അവരുടെ ഭൗതിക നേട്ടങ്ങൾ യഥാസമയം പ്ലാൻ സ്പേസിൽ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകണമെന്നും അത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും അതിലൂടെ ഭരണപരമായ സുതാര്യത അനുഭവവേദ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പരിപ്രേക്ഷ്യം പദ്ധതി (Perspective Planning)

19 കേരളത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുത്ത ഏതാനും മേഖലകളിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ദീർഘകാല പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കുന്ന

'കേരള പരിപ്രേക്ഷ്യം പദ്ധതി 2030' എന്ന ഉദ്യമം സംസ്ഥാന ആസൂത്രണ ബോർഡ് 2012 ജനവരിയിൽ ആരംഭിക്കുകയുണ്ടായി. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക്സ് റിസർച്ച് എന്ന ഏജൻസിയുടെ സാങ്കേതിക സഹായത്തോടെയാണ് പരിപ്രേക്ഷ്യം പദ്ധതി തയ്യാറാക്കിയത്. കേരളം കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ആഗോള സമ്പദ്‌വ്യവസ്ഥയിൽ സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുകയും ലക്ഷ്യങ്ങൾ നേടുന്നതിനുള്ള തന്ത്രങ്ങൾ നിർദ്ദേശിക്കുകയുമാണ് പരിപ്രേക്ഷ്യം പദ്ധതിയുടെ സമീപനം. 24 അധ്യായങ്ങളുള്ള ഈ രേഖ 4 വാല്യങ്ങളായി ക്രമീകരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ നിർവ്വഹണം നടത്തുന്നതിനായി വ്യക്തതയുള്ള പരിപാടികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന സാധാരണ പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി വിശദാംശങ്ങൾ കുറഞ്ഞതും മൂർത്തമല്ലാത്തതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ദീർഘകാലയളവിലേക്ക് തയ്യാറാക്കുന്ന പദ്ധതി രൂപരേഖയായതിനാൽ 'കേരള പരിപ്രേക്ഷ്യം പദ്ധതി 2030 ' -ൽ നിർദ്ദേശിച്ചിരിക്കുന്ന ആശയലക്ഷ്യങ്ങളെയും മാർഗ്ഗരേഖകളെയും വാർഷിക പഞ്ചവൽസര പദ്ധതികളുമായി സംയോജിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള കർമ്മ പദ്ധതികളായി മാറ്റേണ്ടതുണ്ട്. ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 8.5 കോടി രൂപയും വകയിരുത്തിയിരുന്നെങ്കിലും പദ്ധതി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ടോ എന്നതിൽ തീരുമാനമെടുക്കാത്തതിനാൽ

പദ്ധതി തുകയുടെ വിനിയോഗം ഉണ്ടായിട്ടില്ലായെന്ന് സമിതി വീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ മെച്ചപ്പെടുത്തുന്നതിനും പുരോഗതി കൈവരിക്കുന്നതിനും പ്രയോജനകരമായ മാർഗ രേഖകൾ കേരള പരിപ്രേക്ഷ്യം പദ്ധതി 2030-ൽ ഉണ്ടോയെന്ന് വിലയിരുത്തണമെന്നും ആയത് സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പ്രോജക്ട് ഫിനാൻസിംഗ് സെൽ

20. സംസ്ഥാനത്ത് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകകൾ ഉൾപ്പെടെ ബഡ്ജറ്റിതര സ്രോതസുകളിൽ നിന്നും വിഹിതം കണ്ടെത്തി നിർവഹണ യോഗ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം വിവിധ വികസന വകുപ്പുകൾക്കും സ്റ്റാറ്റ്യൂട്ടറി അതോറിറ്റികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചത്. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം സെല്ലിലെയും മറ്റു വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി - ചെന്നൈ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി നൽകിയിരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന 5 കോടി രൂപക്കു മുകളിലുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ സാങ്കേതികവും ധനപരവുമായ പരിശോധന നടത്തുക, നിർദ്ദേശങ്ങൾ നൽകുക എന്നിവ സെല്ലിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ബജറ്റിതര സ്രോതസുകൾ ലക്ഷ്യമിടുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുന്നതിനും സെല്ലിന്റെ ഭരണ ചെലവുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും

2015-16 സാമ്പത്തിക വർഷത്തിൽ 77,44,099/- രൂപ

2016-17 സാമ്പത്തിക വർഷത്തിൽ 1,03,89,990/- രൂപ

2017-18 സാമ്പത്തിക വർഷത്തിൽ 43,83,636/- രൂപ

എന്നിങ്ങനെ തുക ചെലവഴിച്ചിരുന്നതായും എന്നാൽ 2017-18 സാമ്പത്തിക വർഷത്തിന്റെ പകുതിയോടെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം നിർത്തലാക്കിയതായും സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ അഭാവത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു ബദൽ സംവിധാനം രൂപീകരിക്കുകയും ബജറ്റിതര സ്രോതസുകൾ ലക്ഷ്യമിടുന്ന വികസന പദ്ധതി രൂപരേഖകൾ തയ്യാറാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വിവിധ ശാസ്ത്രീയ പഠനങ്ങളിലൂടെയും വിദഗ്ദ്ധ പരിശീലന പരിപാടികളിലൂടെയും തുടക്കമിടുന്ന ചുരുക്കം ചില പദ്ധതികളെങ്കിലും പൂർണ്ണമായ ലക്ഷ്യം കാണുന്നതിനു മുൻപേ ഉപേക്ഷിക്കപ്പെടുകയോ പദ്ധതി വിഹിതം അതത് സാമ്പത്തിക വർഷങ്ങളിൽ പൂർണമായി വിനിയോഗിക്കപ്പെടാതെ പൂർത്തീകരണത്തിന് കാലതാമസം നേരിടുകയോ ചെയ്യുന്നതായി സമിതി വീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പരിമിതികൾ ഒഴിവാക്കുന്നതിനും

തുടക്കമിട്ടുന്ന പദ്ധതികൾ പൂർണ്ണ ലക്ഷ്യത്തിലെത്തിക്കുന്നതിനും ആവശ്യമായ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര സംസ്ഥാന വിഹിത ശതമാനവും - നീതി ആയോഗിനു മുൻപും ശേഷവും

22. 2015 ജനുവരി 1 ന് കേന്ദ്ര മന്ത്രിസഭ പാസാക്കിയ പ്രമേയം മുഖേനയാണ് ആസൂത്രണ കമ്മീഷനു പകരമായി ' ദ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ - 'നീതി ആയോഗ് ' രൂപീകൃതമായത്. ഇതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിലും ധനവിഹിത ഘടനയിലും മാറ്റം വരികയും 2016-17 മുതൽ പരിഷ്കരിച്ച ധനവിഹിത ഘടന നിലവിൽ വരികയും ചെയ്തു

## നീതി ആയോഗിനു മുൻപ്

23. ഇന്ത്യൻ ഭരണഘടനയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തര വാദിത്വങ്ങളെയും പ്രവർത്തനങ്ങളെയും കർത്തവ്യങ്ങളെയും സംബന്ധിച്ച് വ്യക്തമായി നിർവചിച്ചിട്ടുണ്ട്. യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും ചുമതലകളും തരം തിരിച്ചിരിക്കുന്നു. അതിൽ സംസ്ഥാന വികസനം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയടങ്ങുന്ന മേഖലകളുടെ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കാണ്. അവയുടെ നിർവഹണത്തിനായി ഭരണഘടനാനുസൃതമായി കേന്ദ്ര സർക്കാർ പിരിക്കുന്ന നികുതിയുടെ ഒരു ഭാഗം

ധനകാര്യ കമ്മീഷൻ അവാർഡായും ഒപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മറ്റ് കേന്ദ്ര സഹായങ്ങളുടെയും രൂപത്തിലും സംസ്ഥാനങ്ങൾക്ക് നൽകുന്നു.

24. **മുൻകാലങ്ങളിലെ പദ്ധതി വിഹിത ഇനങ്ങൾ**

എ) ഗാഡ്ഗിൽ മുഖർജി സൂത്രവാക്യ പ്രകാരം സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതിയിൽ നൽകുന്ന ഉപാധിരഹിത സഹായം ഉൾപ്പെടെ സാധാരണ കേന്ദ്ര സഹായം (എൻ.സി.എ.)

ബി) ചില പ്രത്യേക പദ്ധതികൾക്കായി അധിക കേന്ദ്ര സഹായവും (എ.സി.എ.) ധനകൈമാറ്റവും

സി) വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും ചില മലയോര സംസ്ഥാനങ്ങൾക്കുമുള്ള ഉപാധിരഹിത സഹായം ഉൾപ്പെടെ പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ.)

ഡി) പ്രത്യേക പദ്ധതി സഹായം

25. ഇവ കൂടാതെ കേന്ദ്ര പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും വഴി ചില വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക പദ്ധതികളും പരിപാടികളും നടപ്പിലാക്കി വന്നിരുന്നു. 2015-16 മുതൽ സാധാരണ കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം, ഒറ്റതവണ അധിക കേന്ദ്ര സഹായം, പ്രത്യേക കേന്ദ്ര സഹായം, പ്രത്യേക പദ്ധതി സഹായം എന്നിവയെല്ലാം നിർത്തലാക്കുകയും പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം

ഈ തുക ഉപാധിരഹിത ഫണ്ടായി സംസ്ഥാനങ്ങൾക്ക് കൈമാറുകയും ചെയ്തു. ഇപ്പോൾ സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര പദ്ധതികളുമാണ് ഉൾപ്പെടുന്നത്. 2002-03 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ 188 ആയിരുന്നത് 2011-12 ആയപ്പോൾ 147 ആകുകയും 2011 -ലെ ശ്രീ. ബി.കെ. ചതുർവേദി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അവ 66 ആയി ചുരുക്കുകയും ചെയ്തു.

## നീതി ആയോഗിന്റെ രൂപീകരണത്തിനു ശേഷം പദ്ധതികൾ

26. നീതി ആയോഗിന്റെ രൂപവൽക്കരണത്തിനു ശേഷം 66 കേന്ദ്രാവിഷ്കൃത പദ്ധതികളെ 28 അംബ്രല്ലാ പദ്ധതികളായി പുനസംഘടിപ്പിച്ചു 28 ൽ 6 എണ്ണം കോർ ഓഫ് ദി കോർ സ്കീമുകളായും 20 എണ്ണം കോർ സ്കീമുകളായും 2 എണ്ണം ഓപ്ഷണൽ സ്കീമുകളായും തരംതിരിച്ചു കോർ പദ്ധതികൾ സംസ്ഥാനം നിർബന്ധമായും നടപ്പാക്കേണ്ടവയാണ്. കോർ ഓഫ് ദി കോർ പദ്ധതികൾക്ക് 100% കേന്ദ്ര സഹായവും കോർ പദ്ധതികൾക്ക് 60% കേന്ദ്ര സഹായവുമായാണ് വിഹിത ഘടന പുനസംഘടിപ്പിക്കപ്പെട്ടത്. ആയതിനാൽ 2016-17 മുതൽ സംസ്ഥാനത്തിന് പദ്ധതി ചെലവിന്റെ വലിയൊരു ഭാഗം വഹിക്കേണ്ടി വരുന്നു. മുൻപ് പദ്ധതികൾക്ക് 90%, 80%, 75% എന്നിങ്ങനെ കേന്ദ്ര സഹായം ലഭിച്ചിരുന്നപ്പോൾ സംസ്ഥാനത്തിന് 10%, 20%, 25% എന്നിങ്ങനെ മാത്രം പണം ചെലവഴിക്കേണ്ടി വന്നിരുന്നത് ഇപ്പോൾ ശരാശരി 40% ആയി ഉയർന്നു.

## 2016-17 ലും 2017-18 ലും ധനവിഹിത ഘടനാ വ്യത്യാസം വന്ന പ്രധാന പദ്ധതികളുടെ എണ്ണം

| 2015-16 ന് മുൻപുള്ള ധന വിഹിത ഘടന | പദ്ധതികളുടെ എണ്ണം | 2015-16 ന് ശേഷമുള്ള ധന വിഹിത ഘടന | പദ്ധതികളുടെ എണ്ണം | |
|---|---|---|---|---|
| | | | 2016-17 | 2017-18 |
| 100 | 20 | 60:40 | 12 | 18 |
| 90:10 | 3 | 60:40 | 3 | 3 |
| 75:25 | 16 | 60:40 | 16 | 16 |
| 75:25 | 3 | 50:50 | 3 | 3 |
| 65:35 | 1 | 60:40 | 1 | 1 |
| 100 | | 75:25 | 1 | 0 |
| 100 | | 50:50 | 2 | 2 |

അവലംബം : വാർഷിക പദ്ധതികൾ, സംസ്ഥാന ആസൂത്രണ ബോർഡ്

27. 2016-17 മുതൽ 40 ഓളം പ്രധാന പദ്ധതികളുടെ ധനവിഹിത ഘടനയിൽ മാറ്റം വരുത്തുകയുണ്ടായി. 2015-16 കാലയളവിൽ പൂർണമായും കേന്ദ്ര വിഹിതം ലഭിച്ചുകൊണ്ടിരുന്ന ഏകദേശം 18 പദ്ധതികൾക്ക് 2017-18 ൽ 60% മാത്രമാണ് കേന്ദ്ര സഹായം ലഭിച്ചത്. 75:25 ഘടനയിൽ നടപ്പാക്കിയിരുന്ന 16 ഓളം പദ്ധതികൾ 60:40 എന്ന ഘടനയിലേക്ക് മാറിയപ്പോൾ സംസ്ഥാനത്തിന് 15% അധിക തുക വഹിക്കേണ്ടി വന്നു.

## 2012-13 മുതൽ 2017-18 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കും ചെലവാക്കിയ തുകയും കേന്ദ്രം അനുവദിച്ച തുകയും

| | | ചെലവ് (രൂപ ലക്ഷത്തിൽ) | | | ചെലവ് ശതമാനത്തിൽ | | |
|---|---|---|---|---|---|---|---|
| വർഷം | കേന്ദ്രം അനുവദിച്ച തുക | കേന്ദ്രം | സംസ്ഥാനം | ആകെ | കേന്ദ്രം | സംസ്ഥാനം | കേന്ദ്രം അനുവദിച്ച തുകയിലെ വർദ്ധനവ്/ കുറവ് ശതമാനത്തിൽ |
| 2012-13 | 153949.77 | 155144.00 | 28889.67 | 184033.67 | 84.30 | 15.70 | ---- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2013-14 | 129482.38 | 106038.45 | 32131.03 | 138169.46 | 76.75 | 23.25 | -15.89 |
| 2014-15 | 393122.36 | 337746.39 | 24932.68 | 362679.06 | 93.13 | 6.87 | 203.61 |
| 2015-16 | 316768.37 | 294759.88 | 84812.82 | 379572.78 | 77.66 | 22.34 | -19.42 |
| 2016-17 | 326945.37 | 315853.03 | 178473.91 | 494326.94 | 63.90 | 36.10 | 3.21 |
| 2017-18* | ---- | 578326.00 | 194196.00 | 772522.00 | 74.86 | 25.14 | ---- |

അവലംബം : 1. വിവിധ വർഷങ്ങളിലെ സി.എ.ജി. അക്കൗണ്ടുകൾ
2. * പ്ലാൻ സ്പേസിൽ നിന്നും

28. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന വിഹിത ചെലവ് 2016-17 ൽ 110 ശതമാനമായും 2017-18 ൽ 129 ശതമാനമായും ഉയർന്നതായി കാണുന്നു. പ്രധാന പദ്ധതികൾ മാത്രം കണക്കിലെടുക്കുമ്പോൾ കേന്ദ്ര സംസ്ഥാന ചെലവിന്റെ അനുപാതം 2015-16 ൽ 64:36, 2016-17 ൽ 56:44, 2017-18 ൽ 65:35 എന്ന രീതിയിലാണ്. പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആസൂത്രണ കമ്മീഷനു പകരമായി നീതി ആയോഗ് വന്നതിനു ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാത ഘടനാ വ്യതിയാനം മൂലം പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വന്നതായും അത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനങ്ങളെ നേരിട്ട് ബാധിക്കുന്നില്ലെങ്കിലും വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്ന് സമിതി വീക്ഷിക്കുന്നു. അധിക തുക കണ്ടെത്താനാകാതെ വന്നാൽ പദ്ധതികൾ വെട്ടിക്കുറക്കാൻ സംസ്ഥാനം നിർബന്ധിതമാകുന്നതിനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ഭാവിയിലും കേന്ദ്ര വിഹിതാനുപാതത്തിലുണ്ടാകാൻ സാധ്യതയുള്ള കുറവ് സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക

ബാധ്യത സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന് കുറവ് വരാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും വരുമാനവും കണക്കിലെടുത്ത് അനുയോജ്യമായ രീതിയിൽ വിഹിത ഘടന പുനർനിർണയിക്കാൻ കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്നതിനു വേണ്ട മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കേന്ദ്ര സഹായം ലഭിക്കുന്നതിനായി സംസ്ഥാനം തയ്യാറാക്കുന്ന പദ്ധതികൾ മറ്റു സംസ്ഥാനങ്ങൾ മുന്നോട്ടു വയ്ക്കുന്ന പദ്ധതികളോട് കിടപിടിക്കുന്നതും ഉന്നത നിലവാരം പുലർത്തുന്നതുമാണെന്ന് ഉറപ്പു വരുത്തണമെന്നും അവ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണമെന്നും പദ്ധതി നിർദ്ദേശങ്ങൾ നിരസിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി പദ്ധതി രൂപീകരണത്തിൽ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. നിലവിൽ കേന്ദ്ര സഹായം കൂടുതലായി ലഭിക്കുന്ന കോർ ഓഫ് ദി കോർ പദ്ധതികളിൻ കീഴിൽ വരുന്ന ഉത്പാദകക്ഷമമായ മേഖലകൾ കണ്ടെത്തി അവ വഴി പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനു പ്രാപ്തമായ വികസന പദ്ധതി മാർഗരേഖകൾ രൂപീകരിക്കാൻ വകുപ്പുകൾക്ക് വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. കേന്ദ്ര ബജറ്റിൽ സംസ്ഥാന വിഹിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സ്ഥിരതയോടെ നിലനിർത്തുന്നതിന് നികുതിയിതര മേഖലകളിലൂടെയുള്ള വരുമാനം ഉയർത്തുന്നതിനു വേണ്ടിയുള്ള നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വേണ്ട പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തൊഴിലില്ലായ്മ

32. കേരളം നേരിടുന്ന വളരെ വലിയ സാമൂഹ്യ സാമ്പത്തിക പ്രശ്നമാണ് തൊഴിലില്ലായ്മ. കേന്ദ്ര ഗവൺമെന്റിന്റെ 'മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം', ' പ്രധാനമന്ത്രി കൗശൽ വികാസ് യോജന' പോലെയുള്ള കോർ ഓഫ് ദി കോർ പദ്ധതികൾ കേരളത്തിലെ അടിസ്ഥാന മേഖലകളിൽ തൊഴിൽരഹിതർക്ക് പ്രയോജനകരമാകുന്നവയാണ്. എന്നിരുന്നാലും ദേശീയ തലത്തിലുള്ള പദ്ധതികൾ പലതും സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ പലപ്പോഴും അപര്യാപ്തമായി തീരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

33. ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണ് ഇപ്പോൾ കേരളത്തിലെ തൊഴിലില്ലായ്മ. എന്നാൽ സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ കേരളം വളരെ മുന്നിലാണ്. ഉന്നത വിദ്യാഭ്യാസ ബൗദ്ധിക നിലവാരം പുലർത്തുന്ന സംസ്ഥാനത്തിന്റെ മാനവശേഷിയെ വേണ്ട

രീതിയിൽ ഉപയോഗപ്പെടുത്താൻ കായികാധ്വാനപരമായ തൊഴിലവസരങ്ങൾ മാത്രം നൽകുന്ന കേന്ദ്ര തൊഴിലുറപ്പ് പോലെയുള്ള പദ്ധതികൾ അനുയോജ്യമല്ലാതെ വരുന്നതായി കാണാം.

34. ആയതിനാൽ സംസ്ഥാനത്ത് സുലഭമായിട്ടുള്ള വൈജ്ഞാനിക, ബൗദ്ധിക മൂലധനത്തെ പരമാവധി ഉത്പാദനക്ഷമമാക്കി തീർക്കാനുതകുന്നതും മൂലധന നിക്ഷേപം കുറഞ്ഞതും സേവന - വിദ്യാഭ്യാസ മേഖലകളിലൂന്നി-യുള്ളതുമായ പദ്ധതികൾ രൂപീകരിക്കുന്നതിനായി വകുപ്പുകളുടെ പങ്കാളിത്ത-ത്തോടെ ഗവേഷണ പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. വികസന രംഗത്തെ പുത്തൻ പ്രവണതകൾക്കും വെല്ലുവിളികൾക്കും അനുസരിച്ച് ആസൂത്രണ ബോർഡിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും ഏകോപനത്തിനുമായി സംസ്ഥാന ആസൂത്രണ ബോർഡിന് പുതിയ രൂപഘടന നൽകുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

36. കേന്ദ്രം ആസൂത്രണ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് നീതി ആയോഗിലേക്ക് മാറിയതിനാൽ സംസ്ഥാനത്ത് പ്രസ്തുത സംവിധാനം വേറിട്ടു നിൽക്കുന്നതായി കാണാം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിലേക്കുമായി സംസ്ഥാനം കേന്ദ്ര ആസൂത്രണ വിഭാഗവുമായും ധനമന്ത്രാലയവുമായും കൂടുതൽ സമ്മർദ്ദം

ചെലുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാറി വരുന്ന ദേശീയ-ആഗോള സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനത്തിന് ഉണർവേകാൻ നിലവിലെ ഘടനയിൽ നവീകരണം ആവശ്യമാണോ എന്ന് പരിശോധിക്കണമെന്നും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് സമർപ്പിച്ച നിർദ്ദേശങ്ങൾ ഉചിതമാണെങ്കിൽ പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പ്രവാസികളുടെ തിരിച്ചുവരവ് സൃഷ്ടിക്കുന്ന സാമ്പത്തിക ആശങ്ക

37. കാലങ്ങളായി കേരള ജനതയുടെ ഒരു പ്രധാന വരുമാന സ്രോതസാണ് പ്രവാസികൾ. വിവിധ മേഖലകളിലായി വിവിധ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന കേരളീയർ സംസ്ഥാനത്തേക്കയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക അടിത്തറയ്ക്ക് ബലം നൽകുന്ന ഒന്നാണ്. എന്നാൽ ആഗോള സാമ്പത്തിക മാന്ദ്യം, മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾ, നയങ്ങൾ എന്നിവ കാരണം സംസ്ഥാനത്തു നിന്നുള്ള പ്രവാസികളുടെ എണ്ണം കുറഞ്ഞ് വരികയും തൊഴിൽ നഷ്ടമായി തിരികെയെത്തുന്നവരുടെ എണ്ണം കൂടിവരികയുമാണ്. പ്രവാസികൾക്കായുള്ള നൈപുണ്യവികസന പരിപാടികൾ, ഇൻഷ്വറൻസ് പരിരക്ഷ, മടങ്ങിയെത്തുന്നവരുടെ പുനരധിവാസം എന്നിവയുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നോർക്ക വകുപ്പ് നടത്തി വരുന്നു.

38. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ കേരള എമിഗ്രേഷൻ സർവേ 2018 പ്രകാരം തിരികെ വരുന്ന പ്രവാസികൾ 12.95 ലക്ഷമാണ്. ഇത് വിദേശത്തേക്ക് പോകുന്നവരുടെ എണ്ണത്തിന്റെ ഏകദേശം 60% ആണ്.

സംസ്ഥാനത്തെ തൊഴിലില്ലായ്മ എന്ന വിപത്തിന് ഇത് ആക്കം കൂട്ടുന്നു. തിരിച്ചുവരുന്നവർ പ്രധാനമായും തൊഴിൽ നഷ്ടമായി വരുന്നവരും അനാരോഗ്യം മൂലം തിരികെയെത്തുന്നവരുമാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിനു ശേഷം കൂലി നിരക്കുകൾ അനാകർഷകമായതും ഒരു ഘടകമാണ്. ഭൂരിഭാഗം പ്രവാസികളും മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ളവരാണെന്നും യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളാണ് ഇവർ കൂടുതലായും തിരഞ്ഞെടുക്കുന്നതെന്നും മനസിലാക്കാം. എന്നാൽ പ്രവാസികളുടെ എണ്ണത്തിൽ തുടർച്ചയായി നെഗറ്റീവ് വളർച്ചാനിരക്ക് കാണിക്കുന്നതായി സി.ഡി.എസ്. റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇത് വളരെ ആശങ്കാജനകമാണ്. മാറിവരുന്ന വിദേശ നയങ്ങളും രാജ്യാന്തര ബന്ധങ്ങളും വിവിധ രാജ്യങ്ങളുടെ തൊഴിൽ മേഖലയിലെ സ്വദേശിവൽക്കരണനയവും ഇവിടെ ഒരു പ്രധാന ഘടകമായി നിലകൊള്ളുന്നു.

39. മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കും ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും ആസൂത്രണ ബോർഡിന്റെ സഹകരണത്തോടെ നോർക്ക ചെയ്യുന്ന പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്.

40. കൂടാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില കണക്കിലെടുക്കുമ്പോൾ അവയോടൊപ്പം ശാശ്വത പരിഹാരമെന്ന നിലയിൽ പ്രവാസികളുടെ തൊഴിൽ സ്ഥിരത, അവസരങ്ങൾ, ക്ഷേമം എന്നിവ മെച്ചപ്പെടുത്തുന്നതിനായി പ്രധാന കുടിയേറ്റ രാജ്യങ്ങളുമായുള്ള സംസ്ഥാനത്തിന്റെ നയതന്ത്രബന്ധവും സഹകരണവും മികച്ചതാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശം സർക്കാരിലേക്ക്

<u>സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റത്തിലെ വർദ്ധന</u>

41. കേരളത്തിൽ കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. നിർമ്മാണ മേഖലയിലും ഹോട്ടൽ വ്യവസായ രംഗത്തും അവിദഗ്ദ്ധ തൊഴിൽ മേഖലകളിലും കുടിയേറ്റ തൊഴിലാളികളുടെ ബാഹുല്യം സംസ്ഥാനത്തുടനീളം നിരീക്ഷിക്കാം. ഭരണഘടനാപരമായ മൗലിക അവകാശങ്ങൾ സംസ്ഥാനാനന്തര കുടിയേറ്റത്തിന് നിയന്ത്രണമേർപ്പെടുത്തുന്നില്ലെങ്കിലും ഈ കുടിയേറ്റം സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ സൃഷ്ടിക്കുന്ന പ്രതിഫലനം വിലയിരുത്തേണ്ടി-യിരിക്കുന്നു. മതിയായ വിദ്യാഭ്യാസവും നിയമബോധവും ഇല്ലാതെ വരുന്ന കുടിയേറ്റ തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ കൂടിവരികയാണ്. അവർക്ക് വേണ്ട ബോധവൽക്കരണം, തിരിച്ചറിയൽ കാർഡ്, ഇൻഷ്വറൻസ് പദ്ധതി, സുരക്ഷാ മുന്നറിയിപ്പുകൾ എന്നിവ നൽകാൻ തൊഴിൽ വകുപ്പും പോലീസ് വകുപ്പും മറ്റും ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിലും അത് എത്ര മാത്രം പര്യാപ്തമാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.

42. അവിദഗ്ദ്ധ മേഖലകളിലെ തൊഴിലവസരങ്ങൾ പൂർണമായി കുടിയേറ്റ തൊഴിലാളികൾ കൈയടക്കുന്ന സാഹചര്യം വിദൂരമല്ല. സംസ്ഥാനത്ത് തൊഴിലില്ലായ്മ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ ഇത് സമ്പദ് വ്യവസ്ഥയ്ക്ക് അഭിലഷണീയമാണോയെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ

പ്രധാന തൊഴിൽ മേഖലകളായ നിർമ്മാണ മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും ചെലവഴിക്കപ്പെടുന്ന തുകയുടെ വലിയൊരുഭാഗം കുടിയേറ്റ തൊഴിലാളികളിലൂടെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. പ്രവാസി-കളിലൂടെയും മറ്റും സംസ്ഥാനത്തെത്തുന്ന വരുമാനം വിവിധ വാണിജ്യ മേഖലകളിലൂടെ പ്രയോജനകരമായ രീതിയിൽ വിനിമയം ചെയ്യപ്പെടാതെ ഇതര സംസ്ഥാനങ്ങളിലേക്ക് പോകുന്ന അവസ്ഥ സംസ്ഥാനത്തെ തനത് മാനവ ശേഷി ഉത്പാദകക്ഷമമാക്കുന്നതിനെ പ്രതികൂലമായി ബാധിച്ചേക്കാം.

43. <u>സംസ്ഥാനത്തെ അവിദഗ്ദ്ധ തൊഴിൽ മേഖലയിലെ കുടിയേറ്റ തൊഴിലാളികളുടെ ബാഹുല്യം സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ സൃഷ്ടിക്കുന്ന സ്വാധീനം പഠനവിധേയമാക്കാൻ വേണ്ട വിവരങ്ങൾ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്കെടുപ്പിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>ആസൂത്രണ സാമ്പത്തികകാര്യ ബി.പി.ഇ. വകുപ്പിന്റെ പ്രവർത്തനം</u>

44. സംസ്ഥാനത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം, ലാഭനഷ്ടങ്ങൾ എന്നിവ വിലയിരുത്തുക എന്നതാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് വിഭാഗത്തിന്റെ കർത്തവ്യം. റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ, ജി. എസ്. റ്റി. നടപ്പാക്കിയതു മൂലമുണ്ടായ സാമ്പത്തിക ഞെരുക്കം, നോട്ട് നിരോധനത്തിന്റെ ഫലമായുണ്ടായ സാമ്പത്തിക അനിശ്ചിതാവസ്ഥ, പ്രകൃതിക്ഷോഭങ്ങൾ

തുടങ്ങിയവ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ മോശമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും ഞെരുക്കവും മറികടക്കാനും വരുമാനം വർദ്ധിപ്പിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചതാക്കേണ്ടതുണ്ട്. എന്നാൽ പല പൊതുമേഖലാ സ്ഥാപനങ്ങളും വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ആശങ്കാജനകമാണ്. ആസൂത്രണ സാമ്പത്തികകാര്യ ബി.പി.ഇ. വകുപ്പ് മുൻ സാമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തുകൊണ്ടുള്ള "എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള" എന്ന റിപ്പോർട്ട് തയ്യാറാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പ്രവർത്തനം വിശദമായി വിലയിരുത്തി നഷ്ടത്തിനു കാരണമാകുന്ന ഘടകങ്ങൾ വകുപ്പുകൾ മുഖാന്തിരം കണ്ടെത്തണമെന്നും പ്രവർത്തന ശൈലി, ഘടന, നടത്തിപ്പ് എന്നിവയിൽ കൊണ്ടുവരാവുന്ന ഗുണകരമായ മാറ്റങ്ങൾക്കുള്ള ആശയനിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ വേണ്ട സാങ്കേതിക വൈജ്ഞാനിക നിർദ്ദേശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പ്രളയാനന്തര പുനർനിർമ്മാണം

45. നൂറ്റാണ്ടിലെ വലിയ പ്രളയത്തെ നേരിടേണ്ടിവന്ന സംസ്ഥാനത്തിന് അതിൽ നിന്നും കരകയറാനുള്ള ആർജവം നൽകിയത് കേരള ജനതയുടെ

ഒത്തൊരുമയും സഹായ മനസ്ഥിതിയുമാണ്. സമസ്ത മേഖലകളിലും പ്രളയം ഏൽപ്പിച്ച ആഘാതവും സൃഷ്ടിച്ച സാമ്പത്തിക - പാരിസ്ഥിതിക ജീവനാശവും വളരെ വലുതാണ്. കേരളത്തെ അതിന്റെ പൂർവസ്ഥിതിയിലേക്ക് കൊണ്ടു വരികയെന്നത് ശ്രമകരമായ കർത്തവ്യമാണെങ്കിലും നവകേരള സൃഷ്ടിക്കുള്ള അവസരമായി ഇതിനെ വിഭാവനം ചെയ്താണ് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പങ്കാളിത്തത്തോടെ ' റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ' എന്ന ഉദ്യമത്തിന് രൂപം നൽകിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ വകുപ്പുകളും 14 ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നതായി സമിതി വീക്ഷിക്കുന്നു.

46. ഇത്തരത്തിൽ മുന്നോട്ടുവക്കുന്ന പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ നിഷ്ക്രിയ ആസ്തികളിൽ വലിയ തുക ചിലവഴിക്കേണ്ടി വരുന്ന പദ്ധതികളെക്കാൾ ഉത്പാദകക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതി രൂപരേഖകൾക്ക് പ്രാധാന്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. കേരളത്തിന്റെ പൈതൃകത്തിലുന്നിയുള്ള പ്രധാന വ്യവസായമാണ് ടൂറിസം. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ഈ മേഖല വലിയ പങ്കാണ് വഹിക്കുന്നത്. അതിനാൽ നവകേരള നിർമ്മിതിയുടെ പദ്ധതികളിൽ അനുയോജ്യ മേഖലകളിൽ ടൂറിസത്തിന്റെ വികസന സാധ്യതകൾ പരിഗണിച്ച് അടിസ്ഥാന സൗകര്യ വികസനം വിനോദ സഞ്ചാര സൗഹൃദപരമായി മാറ്റുന്ന രീതിയിലുള്ള ആശയങ്ങൾ ഉൾപ്പെടുത്തുന്നതിന്

<u>വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

48. മാറിവരുന്ന പാരിസ്ഥിതിക ഘടനയും ആവർത്തിച്ച് വരുന്ന പ്രളയ ദുരന്തങ്ങളും വരുത്തുന്ന കനത്ത നഷ്ടം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരതയെ മോശമായി ബാധിക്കുന്നു. പ്രളയത്തിൽ ആയിരക്കണക്കിനു വീടുകൾ, വീട്ടുപകരണങ്ങൾ, കടകൾ, കെട്ടിടങ്ങൾ എന്നിവയാണ് നഷ്ടമായത്. ഈ നഷ്ടങ്ങളുടെ ആക്കം കുറയ്ക്കുന്നതിനായി പരിസ്ഥിതി ലോല പ്രദേശങ്ങളിലും ദുരന്ത സാധ്യതാ പ്രദേശങ്ങളിലും വസിക്കുന്ന ജനങ്ങളുടെ സ്വത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. 2015-ലെ ചെന്നൈ പ്രളയത്തെ തുടർന്നുണ്ടായ ധന സമാഹരണത്തിൽ കാണാൻ കഴിഞ്ഞ ഒരു സവിശേഷതയാണിത്. എന്നാൽ വീട്, വീട്ടുപകരണങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഇൻഷ്വർ ചെയ്യുന്നതിൽ മലയാളികൾക്കിടയിൽ താൽപര്യകുറവ് പ്രകടമാണ്.

49. <u>മാറിവരുന്ന പ്രകൃതി സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭാവിയിലുണ്ടാകാനിടയുള്ള നഷ്ടത്തിന്റെ ആക്കം കുറയ്ക്കാൻ ദുരന്തസാധ്യതാ പ്രദേശങ്ങളിൽ സർക്കാർ പങ്കാളിത്തത്തോടെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പഠനവിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

50. സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും എന്നും കേരളം രാജ്യത്തിനു തന്നെ മാതൃകയാകും വിധത്തിലാണ് നിലകൊണ്ടിട്ടുള്ളത്. അതിവിശിഷ്ട ഭൂവിഭവങ്ങളുടെയും പ്രകൃതിഭംഗിയുടെയും അനുയോജ്യ

കാലാവസ്ഥയുടെയും കാര്യത്തിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന നമ്മുടെ കേരളം വിശേഷിപ്പിക്കപ്പെടുന്നുണ്ടല്ലോ. സമസ്ത മേഖലകളിലും വൈവിധ്യങ്ങളാൽ സമ്പന്നമായ ഈ പ്രദേശത്തെ ദശാബ്ദങ്ങളായി സ്ഥിരതയോടെ നിലനിർത്തുന്നതിനും മുന്നോട്ട് നയിക്കുന്നതിനും വേണ്ടി കൃത്യമായ ആസൂത്രണം രൂപപ്പെടുത്തുന്നതിനും സാമ്പത്തിക അച്ചടക്കം പാലിച്ച് സർക്കാരിനെ സജ്ജമാക്കുന്നതിനും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

51. എന്നാൽ ജനസംഖ്യാപെരുപ്പം, തൊഴിലില്ലായ്മ, ആഗോള സാമ്പത്തിക മാന്ദ്യം, കേന്ദ്രനയത്തിലുണ്ടാകുന്ന വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന വെല്ലുവിളികൾ ചെറുതല്ല. ഈ വെല്ലുവിളികളെ സധൈര്യം നേരിടുന്നതിന് പ്രവർത്തനങ്ങളിൽ കാലാനുസൃതമാറ്റങ്ങൾ ഉൾക്കൊണ്ട് പഠനങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയും പദ്ധതികളും പ്രായോഗിക നിർദ്ദേശങ്ങളും രൂപപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്താനും അഭിവൃദ്ധിയിലേക്ക് നയിക്കാനും സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് നിർണ്ണായകപങ്കു തന്നെ വഹിക്കാനാകും എന്ന് സമിതി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ,

തിരുവനന്തപുരം

അദ്ധ്യക്ഷൻ,

2020 സെപ്റ്റംബർ 24

എസ്റ്റിമേറ്റ്സ് കമ്മിറ്റി